# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 11.11.2024**

### പ്രധാനവാർത്തകൾ

1. **സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും കൊട്ടിക്കലാശം ആവേശമാക്കി മുന്നണികൾ; പാലക്കാട് ചൂടേറിയ പ്രചാരണ പരിപാടികളുമായി സ്ഥാനാർത്ഥികൾ.**

2. **സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല ഓവറോൾ ചാമ്പ്യൻമാർ; അത്‌ലറ്റിക്സിൽ മലപ്പുറം ഒന്നാമത്.**

3. **കേരളത്തിന് കായികരംഗത്ത് ഉണ്ടായിരുന്ന പ്രൗഢി തിരിച്ചു പിടിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

4. **കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികൾ രാജ്യത്തെ ഓരോ പൗരൻറെയും അവകാശമാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.**

RNU TVPM

5. **ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിൻറെ രണ്ടാം ഘട്ടത്തിൽ 50 ലക്ഷത്തോളം പേരുടെ പരിശോധന നടത്തിയതായി മന്ത്രി വീണാ ജോർജ്.**

==========================================

**<u>ചീഫ് ജസ്റ്റിസ് – പ്രധാനമന്ത്രി</u>**

ഇന്ത്യയുടെ 51-ാമത് ചീഫ് ജസ്റ്റിസായി സത്യപ്രതിജ്ഞ ചെയ്ത ജസ്റ്റിസ് സഞ്ജീവ് ഖന്നയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ അറിയിച്ചു. സുപ്രീം കോടതി ചീഫ് ജസ്റ്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തതിൽ സന്തോഷം രേഖപ്പെടുത്തിയ പ്രധാനമന്ത്രി, ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ സേവന കാലത്തിന് എല്ലാ മംഗളങ്ങളും നേർന്നു.

==========================================

**<u>ഝാർഖണ്ഡ്</u>**

ഝാർഖണ്ഡിൽ ആദ്യ ഘട്ട നിയമസഭാ തെരഞ്ഞെടുപ്പിലേക്കുള്ള പരസ്യ പ്രചാരണം അവസാനിച്ചു. നക്സൽ ബാധിത മേഖലകളിൽ വൈകുന്നേരം നാലു മണിയോടെയും മറ്റിടങ്ങളിൽ അഞ്ചു മണിയോടെയുമാണ് പ്രചാരണം അവസാനിച്ചത്. ബുധനാഴ്ചയാണ് ആദ്യ ഘട്ട വോട്ടെടുപ്പ്.

==========================================

**<u>ഉപതിരഞ്ഞെടുപ്പ്</u>**

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പരസ്യപ്രചാരണം അവസാനിച്ചു. നാളെ നിശബ്ദ പ്രചാരണമാണ്. ബുധനാഴ്ചയാണ് വോട്ടെടുപ്പ്. വയനാട് ജില്ലയിലെ ഒരുക്കങ്ങൾ പൂർത്തിയായതായി കളക്ടർ അറിയിച്ചു. പോളിങ് സാമഗ്രികളുടെ വിതരണം നാളെ നടക്കും. പാലക്കാട് നിയമസഭാ മണ്ഡലത്തിൽ

ഈ മാസം 20 നാണ് വോട്ടെടുപ്പ്. മൂന്നിടങ്ങളിലേയും വോട്ടെണ്ണൽ നവംബർ 23 ന് നടക്കും.

==========================================

<u>വയനാട് - കൊട്ടിക്കലാശം ( ഇൻട്രോ )</u>

മറ്റന്നാൾ പൊളിറ്റിങ് ബൂത്തിലേക്ക് നീങ്ങുന്ന വയനാട്ടിലും ചേലക്കരയിലും കൊട്ടിക്കലാശം ആവേശമാക്കി മുന്നണികളും പ്രവർത്തകരും. വയനാട്ടിലെ കൊട്ടിക്കലാശത്തിന്റെ വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.....

( വോയിസ് )

==========================================

<u>വയനാട്- അവധി</u>

വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിന് പോളിങ് ബൂത്തുകളായി പ്രവർത്തിക്കുന്ന ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെയും മറ്റന്നാളും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. തെരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണ -സ്വീകരണ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സ്കൂളുകൾക്കും അവധിയായിരിക്കും. മറ്റന്നാൾ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജക മണ്ഡലം പരിധിയിലെ എല്ലാ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ പൊതുഅവധി പ്രഖ്യാപിച്ചു. എല്ലാ സ്വകാര്യ വാണിജ്യ വ്യവസായ സ്ഥാപനങ്ങളും മറ്റ് സ്വകാര്യ സ്ഥാപനങ്ങളും ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയ അവധി നൽകണമെന്നും നിർദ്ദേശമുണ്ട്.

==========================================

<u>തിരഞ്ഞെടുപ്പ് - പാലക്കാട്</u>

RNU TVPM

ഈ മാസം 20 ന് നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് മണ്ഡലത്തിൽ ചൂടേറിയ പ്രചാരണത്തിലാണ് സ്ഥാനാർത്ഥികൾ. UDF സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രചാരണ പരിപാടികളിൽ കോൺഗ്രസ് നേതാവ് കെ. മുരളീധരൻ ഇന്ന് പങ്കെടുത്തു. LDF സ്ഥാനാർഥി പി. സരിൻ ഇന്ന് നഗരസഭ പ്രദേശങ്ങളിൽ വോട്ടർമാരെ കണ്ട് വോട്ട് തേടി. NDA സ്ഥാനാർഥി സി. കൃഷ്ണകുമാറിൻെറ പ്രചരണാർത്ഥം നാളെ നടക്കുന്ന സമ്മേളനത്തിൽ യുവമോർച്ച ദേശീയ അധ്യക്ഷൻ തേജസ്വി സൂര്യ പങ്കെടുക്കും.

==========================================

## <u>സ്കൂൾ കായികമേള (ഇൻട്രോ)</u>

RNU TVPM

സംസ്ഥാന സ്കൂൾ കായികമേളയിൽ 227 സ്വർണവും 180 വെള്ളിയും 164 വെങ്കലവും നേടി 1935 പോയിന്റുമായി തിരുവനന്തപുരം ജില്ല ഓവറോൾ ചാമ്പ്യൻമാർ. 848 പോയിന്റോടെ തൃശ്ശൂർ രണ്ടാം സ്ഥാനവും, 824 പോയിന്റോടെ മലപ്പുറം മൂന്നാം സ്ഥാനവും നേടി. അക്വാറ്റിക്കിലും, ഗെയിംസിലും തിരുവനന്തപുരം ആധിപത്യം പുലർത്തിയപ്പോൾ അത്‌ലറ്റിക്സിൽ മലപ്പുറം ഒന്നാമതെത്തി. കായികമേളയുടെ സമാപന സമ്മേളനം എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കേരളത്തിന് കായികരംഗത്ത് ഉണ്ടായിരുന്ന പ്രൗഢി തിരിച്ചു പിടിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമമെന്ന് മുഖ്യമന്ത്രി പറഞ്ഞു. (ഹോൾഡ് വോയ്സ്.........) ഇൻക്ല്യൂസീവ് സ്പോർട്ട്സിലൂടെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാറ്റുരയ്ക്കാനുള്ള വേദിയായും കായികമേള മാറിയതായി മുഖ്യമന്ത്രി പറഞ്ഞു. ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ തിരുവനന്തപുരം ജില്ലയ്ക്ക് മുഖ്യമന്ത്രി ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി സമ്മാനിച്ചു.

==========================================

## കായികമേള സംഘർഷം

കായികമേളയുടെ സമാപന സമ്മേളനം നടക്കുമ്പോൾ വേദിക്ക് സമീപം സംഘർഷം. മാർക്കുമായി ബന്ധപ്പെട്ടാണ് തർക്കമുണ്ടായത്.

==========================================

## ജോർജ് കുര്യൻ

കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികൾ രാജ്യത്തെ ഓരോ പൗരന്റെയും അവകാശമാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ സംഘടിപ്പിക്കുന്ന, കേന്ദ്ര പദ്ധതികളെ കുറിച്ചുള്ള ബോധവൽക്കരണ-പ്രദർശന പരിപാടി എറണാകുളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തപാൽ വകുപ്പിൻറെ ആധാർ സേവനങ്ങൾ, ദേശീയ ആയുഷ് മിഷന്റെ ആയുർവേദ, ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ എന്നിവയും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

RNU TVPM

==========================================

## ആർദ്രം ആരോഗ്യം

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാം ഘട്ടത്തിൽ 50 ലക്ഷത്തോളം പേരുടെ പരിശോധന നടത്തിയതായി മന്ത്രി വീണാ ജോർജ്. ആദ്യഘട്ടത്തിൽ രോഗസാധ്യത കണ്ടെത്തിയവർക്ക് തുടർ ചികിത്സ ഉറപ്പാക്കിയ ശേഷമാണ് രണ്ടാം ഘട്ടം നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാവരെയും രോഗ നിർണായ

സ്ക്രീനിങ്ങിന് വിധേയമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇ ഹെൽത്ത് രൂപകല്പന ചെയ്ത ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്.

=========================================

**<u>സീപ്ലെയിൻ</u>**

സിവിൽ വ്യോമയാന മന്ത്രാലയത്തിന്റെ റീജിയണൽ കണക്റ്റിവിറ്റി പദ്ധതിയുടെ ഭാഗമായുള്ള സീപ്ലെയിനിന്റെ പരീക്ഷണ പറക്കൽ രാവിലെ കൊച്ചി ബോൾഗാട്ടി മറീനയിൽ ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് ഫ്ലാഗ് ഓഫ് ചെയ്തു. സീ പ്ലെയിൻ പദ്ധതി സാധാരണക്കാർക്ക് ലഭ്യമാകുന്ന രീതിയിൽ ജനകീയമാക്കുമെന്ന് മന്ത്രി പറഞ്ഞു. ടൂറിസം മന്ത്രിക്കൊപ്പം മന്ത്രിമാരായ പി രാജീവ്, വി ശിവൻകുട്ടി എന്നിവരടങ്ങുന്ന സംഘം സീ പ്ലെയിനിൽ യാത്ര നടത്തി.

=========================================

**<u>ജലവിമാനം -ഇടുക്കി(ഇൻട്രോ)</u>**

ഇടുക്കിയുടെ വിനോദ സഞ്ചാര മേഖലയ്ക്ക് പുത്തൻ പ്രതീക്ഷ നൽകിക്കൊണ്ട് കൊച്ചി കായലിൽ നിന്ന് മാട്ടുപ്പെട്ടി അണക്കെട്ടിലേക്ക് സീപ്ലെയിൻ പറന്നിറങ്ങി. ആവേശോജ്ജ്വല സ്വീകരണമാണ് മാട്ടുപ്പെട്ടിയിൽ ജലവിമാനത്തിന് നൽകിയത്.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.........

(വോയിസ്)

=========================================

**<u>ഓഹരി + സ്വർണ്ണം</u>**

RNU TVPM

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 10 പോയിൻറ് ഉയർന്ന് 79,496 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 7 പോയിൻറ് നഷ്ടത്തിൽ 24,141-ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കുറഞ്ഞു. ഗ്രാമിന് 55 രൂപ കുറഞ്ഞ് 7,220 രൂപയും പവന് 57,760 രൂപയുമാണ് ഇന്നത്തെ വില.

=======================================

<u>ഗതാഗത നിയന്ത്രണം</u>

തിരുവനന്തപുരം ഉദിയന്നൂർ- നാലാഞ്ചിറ റോഡിൽ ടാറിംഗ് നടക്കുന്നതിനാൽ നാളെ മുതൽ വ്യാഴാഴ്ച വരെ രാവിലെ 6 മണിക്കും വൈകുന്നേരം 6 മണിക്കും ഇടയിൽ ഗതാഗതം പൂർണമായി നിരോധിച്ചു. ലോ കോളേജ് - പൊട്ടക്കുഴി റോഡിൽ അറ്റകുറ്റ പണികൾ നടക്കുന്നതിനാൽ ഈ മാസം 30 വരെ ഭാഗിക ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും.

RN TVPM

=======================================

<u>വധശിക്ഷ</u>

അഞ്ചുവയസുകാരിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ പത്തനംതിട്ട ജില്ലാ അഡീഷണൽ പോക്സോ കോടതി രണ്ടാനച്ഛന് വധശിക്ഷ വിധിച്ചു. തമിഴ്നാട് രാജപാളയം സ്വദേശി അലക്സ് പാണ്ഡ്യനെയാണ് വധശിക്ഷക്ക് വിധിച്ചത്. പത്തനംതിട്ട കുമ്പഴയിൽ 2021 ഏപ്രിലിലാണ് സംഭവം.

=======================================

<u>ഗണേഷ് കുമാർ</u>

സ്വകാര്യ ബസുകളുടെ ദൂരപരിധി വ്യവസ്ഥ ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ സർക്കാർ അടിയന്തരമായി അപ്പീൽ സമർപ്പിക്കുമെന്ന് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ.

ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് 140 കിലോമീറ്ററിലധികം ദൂരം പെർമിറ്റ് അനുവദിക്കേണ്ടെന്ന വ്യവസ്ഥയിൽ നിന്ന് സർക്കാർ പിന്നോട്ടു പോകില്ലെന്നും അദ്ദേഹം പറഞ്ഞു. കെഎസ്ആർടിസിയിലെ അഭിഭാഷകരോടുൾപ്പടെ വിഷയത്തിൽ ചർച്ച നടത്തിയതായും മന്ത്രി അറിയിച്ചു.

========================================

**ശബരിമല പാർക്കിംഗ്**

ശബരിമലയിൽ ഒരേ സമയം 16,000-ത്തോളം വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഒരുക്കിയതായി ദേവസ്വം ബോർഡ്. നിലയ്ക്കലിൽ അധികമായി 2,500 വാഹനങ്ങൾ കൂടി പാർക്ക് ചെയ്യാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. നിലയ്ക്കലിലെ പാർക്കിംഗ് പൂർണ്ണമായും ഫാസ്റ്റ് ടാഗ് സംവിധാനം ഉപയോഗിച്ചുള്ളതായിരിക്കുമെന്നും ദേവസ്വം ബോർഡ് അറിയിച്ചു.

TVPM

========================================

========================================

========================================